പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5788 03.11.2016-ൽ മറുപടിയ്ക്ക്

അംഗൻവാടികളിലും സ്കൂളുകളിലും ആശുപത്രികളിലും ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്തെ എല്ലാ അംഗൻവാടികളിലും സ്കൂളുകളിലും ആശുപത്രികളിലും ശുദ്ധജലം ലഭിക്കുന്നുവെന്ന് സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ടോ; | എ കേരള വാട്ടർ അതോറിറ്റിയുടെ വിതരണ പൈപ്പ് ലൈനുകൾ കടന്നു പോകുന്ന ഭാഗങ്ങളിൽ സ്വന്തമായി കെട്ടിടങ്ങളുള്ള സ്കൂളുകൾ, അംഗനവാടികൾ, ആശുപത്രികൾ എന്നിവയ്ക്ക് ജലലഭ്യത അനുസരിച്ച് അതാത് സ്ഥാപനങ്ങളുടെയും അപേക്ഷയുടെ അടിസ്ഥാനത്തിൽ വാട്ടർ കണക്ഷൻ നൽകി ജലവിതരണം നടത്താറുണ്ട്.<br>കെ.ആർ.ഡബ്ല്യു.എസ്.എയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ഐ.സി.ഡി.എസ് ബ്ലോക്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ അംഗൻവാടികളിലും (175 എണ്ണം) ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായം വിനിയോഗിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനോടകം 100 ഓളം അംഗനവാടികൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുള്ള ജോലികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ ജോലികൾ പുരോഗമിക്കുന്നു. 2017 മെയ് അവസാനത്തോടെ എല്ലാ ജോലികളും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| ബി ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി വിതരണ പൈപ്പ് ലൈനുകൾ ഇല്ലാത്ത പ്രദേശങ്ങളിലുള്ള ഇത്തരം സ്ഥാപനങ്ങൾക്ക് ജല ലഭ്യത അനുസരിച്ച് പൈപ്പ് ലൈൻ നീട്ടി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ശുദ്ധജലം ലഭ്യമല്ലാത്ത അങ്കണവാടികൾ ശുദ്ധജലം ലഭ്യമാക്കുന്ന തടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെന്നതിനാൽ ശുദ്ധജലം ലഭ്യമല്ലാത്ത അംഗനവാടികളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ